C 24913 (Pages : 4) Name..................................

Reg. No..................................

# FOURTH SEMESTER M.A. DEGREE EXAMINATION, APRIL 2022

(CBCSS–SDE/Private)

Malayalam

MAL 4C 14/SKT 4E 13—SANSKRIT LITERATURE FOR BEGINNERS

(2019 Admission onwards)

[Improvement Candidates need not appear for MCQ Part]

(Multiple Choice Questions for SDE Candidates)

| Time : 20 Minutes | Total No. of Questions : 20 | Maximum : 5 Weightage |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), and (C) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY, UNIVERSITY OF CALICUT

MAL 4C 14/SKT 4E 13—SANSKRIT LITERATURE FOR BEGINNERS

(Multiple Choice Questions for SDE Candidates)

1. काळिदासेन विरचितं महाकाव्यं भवति..........।

(A) शाकुन्तळम्
(B) कुमारसम्भवम्
(C) ऋतुसंहारम्

2. 'शरीरबद्धः प्रथमाश्रमो यथा' । कः ?

(A) सखी
(B) पार्वती
(C) ब्रह्मचारी

3. 'तमातिथेयी बहुमानपूर्वया..' कम् ?

(A) हिमवन्तम्
(B) ब्रह्मचारिम्
(C) मुनिम्

4. 'शरीरमाद्यं खलु धर्मसाधनम्' । कस्य उक्तिरियम् ?

(A) ब्रह्मचारिणः
(B) पार्वत्यः
(C) मेनायाः

5. अपर्णा का भवति ?

A) सखी
(B) पार्वती
(C) मेना

6. मनीषिभिः किं साप्तपदीणमुच्यते ?

(A) तपः
(B) सज्जनसङ्गः
(C) पूजा

CHMK LIBRARY, UNIVERSITY OF CALICUT

7. 'कुले प्रसूतिः प्रथमस्य वेधसः.....'कस्याः प्रसूतिः ?

(A) मेनायाः (B) पार्वत्याः

(C) शिवस्य

8. 'विवर्तिनानञ्जननेत्रमैक्षत' । का ?

(A) सखी (B) मेना

(C) पार्वति

9. चिरव्यस्थापितवाक् इति कस्मात् पार्वती वर्णयति ?

(A) स्फटिकाक्षमाळासमर्पणात् (B) अन्नपानात्

(C) नर्तनात्

10. 'अवस्तुनिर्बन्धपरे !' इति ब्रह्मचारी कां संबुध्यति ?

(A) सखीम् (B) पार्वतीम्

(C) लक्ष्मीम्

11. कर्णभारं नाम नाटकस्य कर्ता क ?

(A) व्यासः (B) भासः

(C) काळिसदासः

12. "संग्रामे तुमुले जाते कर्णाय कलिताञ्जलि" कस्य उक्तिरियम् ?

(A) सूत्रधारस्य (B) भटस्य

(C) दुर्योधनस्य

13. नाटकेऽस्मिन् कः परशुराममुपगतः ?

(A) कर्णः (B) परशुरामः

(C) अर्जुनः

Turn over

CHMK LIBRARY, UNIVERSITY OF CALICUT

14. 'भो: कर्ण ! महत्तरां भिक्षां याचे' । कस्य वचनमिदम् ?

(A) कर्णस्य (B) शक्रस्य

(C) सूर्यस्य

15. किं किं शुष्यति ?

(A) शिक्षा (B) जलम्

(C) हुतम्

16. 'शिक्षा क्षयं गच्छति ...... तथैव तिष्ठति' । कस्य उक्तिरियम् ?

(A) कर्णस्य (B) परशुरामस्य

(C) दुर्योधनस्य

17. —————— लभते स्वर्गम् ।

(A) हत: (B) निष्फल:

(C) भाग्य:

18. हतेषु देहेषु —————— धरन्ते ।

(A) दोषा: (B) गुणा:

(C) हता:

19. अङ्गराज: क: ?

(A) अर्जुन: (B) कर्ण:

(C) भीम:

20. रूपकाणि कति सन्ति ?

(A) दश (B) सप्त

(C) पञ्च

CHMK LIBRARY, UNIVERSITY OF CALICUT

**C 24913** (Pages : 3 + 4 = 7) Name.....................................

Reg. No..................................

# FOURTH SEMESTER M.A. DEGREE EXAMINATION, APRIL 2022

(CBCSS–SDE/Private)

Malayalam

MAL 4C 14/SKT 4E 13—SANSKRIT LITERATURE FOR BEGINNERS

(2019 Admission onwards)

Time : Three Hours Maximum : 30 Weightage

*Answers may be written either in Sanskrit, English or in Malayalam.*
*In writing Sanskrit, Devanagari script should be used.*

I. Explain fully any *four* without omitting any part :

कमपि भागमनपहाय चत्वारि व्याख्यात :

(a) 1 मा तावन्मम शरमार्गलक्ष्यभूता:

संप्राप्ता: क्षितिपतय: सजीवशेषा:

कर्तव्यं रणशिरसि प्रियं कुरुणां

द्रष्टव्यो यदि स भवेत् धनञ्जयो मे ।।

2 समरमुखमसह्यं पाण्डवानां प्रविश्य

प्रथितगुणगणाढ्यं धर्मराजं च बद्ध्वा

मम शरवरवेगैरर्जुनं पातयित्वा

वनमिव हतसिंहं सुप्रवेशं करोमि ।।

3 अनेकयज्ञाहुतितर्पितो द्विजै:

किरीटिमान् दानवसंघमर्दन:

सुरद्विपास्फालनकर्कशाङ्गुलि:

मया कृतार्थ: खलु पाकशासन: ।।

Turn over

CHMK LIBRARY, UNIVERSITY OF CALICUT

C 24914 (Pages : 2 + 4 = 6) Name..................................

Reg. No..................................

**FOURTH SEMESTER M.A. DEGREE (CBCSS–SDE/PRIVATE) EXAMINATION, APRIL 2022**

Malayalam

MAL 4C 15—സാഹിത്യ സിദ്ധാന്തം – പാശ്ചാത്യം

(LITERARY THEORIES – WESTERN)

(2019 Admission Onwards)

Time : Three Hours Maximum : 30 Weightage

I. ഓരോന്നും രണ്ടു പുറത്തിൽ കവിയാതെ നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1 'ഭ്രാന്തിന്റെ ജല്പനമാണു കവിത' എന്നു പ്ലേറ്റോ വാദിക്കുന്നതെന്തു കൊണ്ട് ?

2 കഥാർസിസ് എന്നാലെന്ത് ? അതിന്റെ സാഹിതീയ മാനങ്ങൾ വിശദമാക്കുക.

3 കല കലയ്ക്കു വേണ്ടി എന്ന വാദത്തിനു പിന്നിലുള്ള സൗന്ദര്യദർശനം വിവരിക്കുക.

4 പാരമ്പര്യത്തെയും വ്യക്തിപ്രതിഭയെയും എലിയറ്റ് എങ്ങനെ എങ്ങനെ വിശദീകരിക്കുന്നു ?

5 ശൈലീവിജ്ഞാനീയ നിരൂപണത്തിന്റെ സിദ്ധാന്തതലം പരിശോധിക്കുക.

6 ഫെർഡിനന്റ് സൊസ്സൂറിന്റെ സങ്കല്പത്തിൽ സൂചകം, സൂചിതം എന്നിവ വ്യാഖ്യാനിക്കുക.

7 'എഴുത്തുകാരന്റെ മരണം' എന്ന സങ്കല്പം വിശദമാക്കുക.

(4 × 2 = 8 weightage)

II. ഓരോന്നും നാലു പുറത്തിൽ കവിയാതെ നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

8 അനുകരണത്തെപ്പറ്റി പ്ലേറ്റോയും അരിസ്റ്റോട്ടിലും അവതരിപ്പിക്കുന്ന ആശയങ്ങൾ പരിശോധിക്കുക.

9 ലോംഗിനസ്സിന്റെ ദൃഷ്ടിയിൽ ഉദാത്തതയുടെ അടിസ്ഥാന ഘടകങ്ങൾ ഏവ ? വിവരിക്കുക.

10 ജീവിത വിമർശനമാണു കവിത എന്നുള്ള മാത്യു അർനോൾഡിന്റെ ദർശനം വിവരിക്കുക.

11 മനഃശാസ്ത്ര നിരൂപണം എന്നാലെന്ത് ? ഫ്രോയിഡിയൻ തത്വങ്ങൾ മുൻനിർത്തിയുള്ള വിമർശന സമീപനത്തിന്റെ അടിസ്ഥാന തത്വങ്ങൾ എന്തെല്ലാം ?

12 ടോൾസ്റ്റോയിയുടെ കലാദർശനം വിശദമാക്കുക.

13 സാഹിത്യ വിമർശനത്തിലെ മാർക്സിയൻ കാഴ്ചപ്പാടുകൾ പരിശോധിക്കുക.

14 സാഹിത്യ വിമർശനം സംസ്കാര വിമർശനം തന്നെ—പുതിയ സാഹിത്യ സമീപനങ്ങളുടെ വെളിച്ചത്തിൽ ചർച്ച ചെയ്യുക.

(4 × 3 = 12 weighhtage)

**Turn over**

CHMK LIBRARY, UNIVERSITY OF CALICUT

III. ഓരോന്നും ആറു പുറത്തിൽ കവിയാതെ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

15 പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവരുടെ കാവ്യസിദ്ധാന്തങ്ങൾ താരതമ്യം ചെയ്ത് അവ തമ്മിലുള്ള സാജാത്യ വൈജാത്യങ്ങൾ വിവരിക്കുക.

16 കാല്പനിക വിമർശനം സാഹിത്യ സമീപനത്തിൽ വരുത്തിയ പരിവർത്തനങ്ങൾ എന്തെല്ലാം ? മുഖ്യ സിദ്ധാന്തങ്ങൾ മുൻനിർത്തി ചർച്ച ചെയ്യുക.

17 സാഹിത്യത്തെയും ഭാവുകത്വത്തെയും അഭിസംബോധന ചെയ്യുന്നതിൽ മോഡേണിസവും പോസ്റ്റ് മോഡേണിസവും എങ്ങനെയെല്ലാം വ്യത്യസ്തമാകുന്നു ? വിവരിക്കുക.

18 സ്ത്രീവാദ-പാരിസ്ഥിതിക-കീഴാള വിമർശന സമീപനങ്ങൾ പരിചയപ്പെടുത്തി, അവ പരമ്പരാഗത സാഹിത്യസങ്കല്പത്തെ എങ്ങനെ അപനിർമ്മിക്കുന്നു എന്നു വിശദമാക്കുക.

(2 × 5 = 10 weighhtage)

CHMK LIBRARY, UNIVERSITY OF CALICUT

**C 24914** (Pages : 4) Name.....................................

Reg. No.................................

**FOURTH SEMESTER M.A. DEGREE (CBCSS-SDE/PRIVATE) EXAMINATION APRIL 2022**

Malayalam

MAL 4C 15—സാഹിത്യ സിദ്ധാന്തം – പാശ്ചാത്യം

(LITERARY THEORIES – WESTERN)

(2019 Admission Onwards)

(Improvement Candidates need not appear for MCQ Part)

(Multiple Choice Questions for SDE Candidates)

| Time : 20 Minutes | Total No. of Questions : 20 | Maximum : 5 weightage |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY, UNIVERSITY OF CALICUT

MAL 4C 15—സാഹിത്യ സിദ്ധാന്തം – പാശ്ചാത്യം

(LITERARY THEORIES – WESTERN)

(Multiple Choice Questions for SDE Candidates)

CHMK LIBRARY, UNIVERSITY OF CALICUT

1. പാശ്ചാത്യ സാഹിത്യ ചിന്തയുടെ പ്രാരംഭകൻ :

   (A) പ്ലാറ്റോ.
   (B) അരിസ്റ്റോട്ടിൽ.
   (C) ഹോറസ്.
   (D) റൂസ്സോ.

2. ആഴ്സ് പോയറ്റിക എന്ന കാവ്യകലാഗ്രന്ഥത്തിന്റെ കർത്താവ് :

   (A) ഹോറസ്.
   (B) പിസോസിസ്.
   (C) ലോംഗിനസ്.
   (D) അരിസ്റ്റോട്ടിൽ.

3. ഡി വൽഗാരി എലക്ക്വന്ഷ്യ എന്ന കൃതി രചിച്ചത് :

   (A) ദാന്തേ.
   (B) സി.ജി. യുങ്.
   (C) എഡ്മണ്ട് വിത്സൺ.
   (D) വേർഡ്സ്വർത്ത്.

4. Ode to a nightingale എന്ന ഗീതത്തിന്റെ രചയിതാവ് :

   (A) കീറ്റ്സ്.
   (B) ഷെല്ലി.
   (C) വേർഡ്സ്വർത്ത്.
   (D) മിൽട്ടൻ.

5. സാഹിത്യകൃതിയുടെ നിർണായകമായ തത്വമെന്ന നിലക്ക് ഔചിത്യത്തെ ഉയർത്തിപ്പിടിച്ച സൈദ്ധാന്തികൻ :

   (A) ബുച്ചർ.
   (B) റൂസ്സോ.
   (C) അരിസ്റ്റോട്ടിൽ.
   (D) ഹോറസ്.

6. ഘടനാവാദ പദ്ധതിക്ക് തുടക്കം കുറിച്ച കോഴ്സ് ഇൻ ജനറൽ ലിംഗ്വിസ്റ്റിക്സ് എന്ന ഗ്രന്ഥം രചിച്ചത് :

   (A) ലെവിസ്ട്രോസ്.
   (B) റോളോങ്ങ് ബാർത്ത്.
   (C) സി.ജി. യുങ്.
   (D) സോസ്സ്യൂർ.

7. ഗ്രന്ഥകാരന്റെ മരണം എന്ന ആശയം അവതരിപ്പിച്ചത് ആര് ?

   (A) മിഷേൽ ഫൂക്കോ.
   (B) റോളാങ്ങ് ബാർത്ത്.
   (C) ഐ.എ. റിച്ചാർഡ്സ്.
   (D) ലെവിസ്ട്രോസ്.

ഫ്രോയ്ഡിയൻ മനോവിജ്ഞാനത്തെ ഘടനാവാദവുമായി ബന്ധപ്പെടുത്തി പഠനം നടത്തിയ സൈദ്ധാന്തികൻ ആരാണ് ?

(A) റോമൻ യാക്കോബ്സൺ. (B) ലവിസ്ട്രോസ്.

(C) ഴാക്‌ലക്കാൻ. (D) അൽത്തൂസർ.

ന്യൂ ക്രിട്ടിസിസം എന്ന സംജ്ഞ ആദ്യമായി പ്രയോഗിച്ചത് :

(A) ടി.എസ്. എലിയറ്റ്. (B) ജോയൽ സ്പിൻഗാൻ.

(C) ഐ.എ. റിച്ചാർഡ്സ്. (D) ഫ്രെഡറിക് ജെയിംസൻ.

അപനിർമ്മാണത്തിന്റെ പ്രമാണ രേഖയായി കണക്കാക്കപ്പെടുന്ന ദറിദയുടെ ഗ്രന്ഥം :

(A) ഓഫ് ഗ്രമാറ്റൊളജി. (B) കൺഫെഷൻസ്.

(C) കാറ്റഗറിസ്. (D) ദ പ്രാക്റ്റിക്കൽ ക്രിട്ടിസിസം.

ദുരന്ത നാടകങ്ങളെക്കുറിച്ചുള്ള ചർച്ച ഉള്ളടങ്ങിയിട്ടുള്ള അരിസ്റ്റോട്ടിലിന്റെ ഗ്രന്ഥം :

(A) എത്തിക്സ്. (B) പോയറ്റിക്സ്.

(C) പോളിറ്റിക്സ്. (D) റിപ്പബ്ളിക്.

സ്ത്രീവാദ ചിന്തകൾ അവതരിപ്പിക്കപ്പെടുന്ന എ റൂം ഓഫ് വൺസ് ഓൺ എന്ന കൃതി ആരുടേതാണ് ?

(A) ഡിമോൺ ദ ബുവേ. (B) വെർജിനിയാ വുൾഫ്.

(C) എസ്രാ പൌണ്ട്. (D) അലക്സാണ്ടർ ഡ്യൂമാ.

കോഗ്നിറ്റിവ് മാപ്പിംഗ് എന്ന ആശയം അവതരിപ്പിച്ചത് ആരാണ് ?

(A) ഫ്രെഡറിക് ജെയിംസൻ. (B) ഐ.എ. റിച്ചാർഡ്സ്.

(C) ഫൂക്കോ. (D) റോളാങ്ങ് ബാർത്ത്.

ദുരന്ത നായകന്റെ അപചയത്തിനുള്ള കാരണം അദ്ദേഹം തന്നെയാണെന്ന് ആവിഷ്കരിക്കുന്നതിനായി അരിസ്റ്റോട്ടിൽ പ്രയോഗിക്കുന്ന പദം :

(A) ഹമേർഷ്യ. (B) ഉദാത്തത.

(C) കഥാർസിസ്. (D) ദിഫ്രാൻസസ്.

CHMK LIBRARY, UNIVERSITY OF CALICUT

15. മനുഷ്യാത്മാവിനെ മുഴുവനായും ക്രിയാത്മകതയിലേക്ക് നയിക്കുന്നവനാണ് കവി എന്ന് പ്രസ്താവിച്ചത് :

(A) കോൾറിഡ്ജ്. (B) ടോൾസ്റ്റോയി.

(C) സി.ജി. യുങ്. (D) ഫ്ലാബെർ.

16. മാനസിക ചൈതന്യം എന്ന അർത്ഥത്തിൽ യുങ് പ്രയോഗിക്കുന്ന സംജ്ഞ ഏതാണ് ?

(A) ലിബിഡോ. (B) ഇദ്.

(C) സെൻസർ. (D) ചോദന.

17. വ്യക്തിസത്തയെ ഇദ്, ഈഗോ, സൂപ്പർ ഈഗോ എന്നിങ്ങനെ മൂന്നു ഭാഗമാക്കി തിരിച്ച് പഠനം നടത്തിയ മനശാസ്ത്ര നിരൂപകൻ ആരാണ് ?

(A) ഫ്രോയിഡ്. (B) സി.ജ. യുങ്.

(C) കോർത്നെ. (D) ആന്ദ്രെബ്രെട്ടൻ.

18. മഹത്വമേറിയ കീറച്ചാക്ക് എന്ന് നോവലിനെ വിശേഷിപ്പിച്ചത് ആരാണ് ?

(A) ക്ലാരാ റീവ്സ്. (B) എച്ച്.ജി. വെൽസ്.

(C) സാർത്ര്. (D) ക്ലീന്ത് ബ്രൂക്സ്.

19. ദാന്തേയ്ക്ക് ഭാഷ ശക്തവും സൂക്ഷ്മവുമായ ഒരുപകരണം മാത്രമായിരുന്നു എന്ന് അഭിപ്രായപ്പെട്ടത് :

(A) ജക്കപ്പോ മസോണി. (B) വിത്സൺ.

(C) സ്കോട്ട് ജെയിംസ്. (D) ഹോറസ്.

20. ഉത്തരാധുനിക സമൂഹത്തെ പോസ്റ്റ് ഇൻഡസ്ട്രിയൽ സൊസൈറ്റി എന്ന് പറഞ്ഞത് :

(A) ദാനിയൽ ബെൽ. (B) ഫ്രെഡരിക് ജെയിംസൻ.

(C) മിഷേൽ ഫൂക്കോ. (D) ബാക്തിൻ.

CHMK LIBRARY, UNIVERSITY OF CALICUT

**C 24915** (Pages : 4) Name..................................

Reg. No..............................

**FOURTH SEMESTER M.A. DEGREE (CBCSS-SDE/PRIVATE) EXAMINATION, APRIL 2022**

Malayalam

MAL 4E 13—ആധുനിക വിമർശന സിദ്ധാന്തങ്ങൾ

(MODERN CRITICAL THEORIES)

(2019 Admission Onwards)

(Improvement Candidates need not appear for MCQ Part)

(Multiple Choice Questions for SDE Candidates)

| Time : 20 Minutes | Total No. of Questions : 20 | Maximum : 5 weightage |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY, UNIVERSITY OF CALICUT

## MAL 4E 13—ആധുനിക വിമർശന സിദ്ധാന്തങ്ങൾ

(MODERN CRITICAL THEORIES)

(Multiple Choice Questions for SDE Candidates)

CHMK LIBRARY, UNIVERSITY OF CALICUT

1. ഘടനാവാദത്തിന്റെ അടിസ്ഥാന ശിലകൾ എന്നറിയപ്പെടുന്ന ചിന്തകന്മാർ ആരെല്ലാം ?

   (A) ക്ലോദ് ലെവിസ്ട്രോസും സൊഷ്വറും.
   (B) പ്ലാറ്റോയും അരിസ്റ്റോട്ടിലും.
   (C) സോക്രട്ടീസും പ്ലാറ്റോയും.
   (D) സിഗ്മണ്ട് ഫ്രോയ്ഡും വിൽഹം സ്റ്റെകലും.

2. ദി വേസ്റ്റ് ലാന്റ് എന്ന വിഖ്യാത കൃതിയുടെ കർത്താവാര് ?

   (A) ഐ.എ. റിച്ചാർഡ്സ്.
   (B) ഷെല്ലി.
   (C) ടി.എസ്. എലിയട്ട്.
   (D) കോളറിഡ്ജ്.

3. ആന്റേഴ്സന്റെ അഭിപ്രായത്തിൽ പോസ്റ്റ് മോഡേണിസം ശ്രദ്ധ പിടിച്ചു പറ്റാൻ തുടങ്ങിയ വർഷം ഏത് ?

   (A) 1950 കൾ.
   (B) 1930 കൾ.
   (C) 1940 കൾ.
   (D) 1970 കൾ.

4. പോസ്റ്റ് മോഡേൺ വ്യക്തി അനേക സമുദായങ്ങളിലെ അംഗമാണ്, അനേക വ്യവഹാരങ്ങളിലെ പങ്കാളിയാണ്, എല്ലായിടത്തുനിന്നുമെത്തുന്ന സന്ദേശങ്ങളുടെ ശ്രോതാവാണ്. പ്രസിദ്ധ മനഃശാസ്ത്രജ്ഞനായ കെന്നത്ത് ഗർഗൻ ഈ അവസ്ഥയെ വിളിക്കുന്ന പേരെന്ത് ?

   (A) മൾട്ടിഫ്രേനിയ.
   (B) സ്കിസോഫ്രീനിയ.
   (C) നിർമ്മിതി വ്യക്തിത്വം.
   (D) അപര വ്യക്തിത്വം

5. സംസ്കാരത്തിലേക്ക് ആധുനികോത്തര പ്രമേയങ്ങൾ വമ്പിച്ച തോതിൽ കടന്നുകയറ്റം നടത്തുന്നുണ്ടെന്ന് നിരീക്ഷിച്ചതാര് ?

   (A) സ്റ്റൈനർ ക്വാൽ.
   (B) ഉമ്പർട്ടോസ എക്കോ.
   (C) റിച്ചാർഡ് റോർട്ടി.
   (D) ഇഹാബ് ഹസൻ.

6. മലയാളത്തിലെ ലക്ഷണയുക്തമായ ആദ്യ ഉത്തരാധുനിക നോവലേത് ?.

   (A) അവകാശികൾ.
   (B) വ്യാസനും വിഘ്നേശ്വരനും.
   (C) ഖസാക്കിന്റെ ഇതിഹാസം.
   (D) മരണ സർട്ടിഫിക്കറ്റ്.

7. അബോധത്തിന്റെ മനശ്ശാസ്ത്രകാരൻ എന്ന് ഫ്രോയ്ഡിനെ വിശേഷിപ്പിച്ചതാര് ?

(A) മാരിനെറ്റി. (B) വിൽഹംസ്റ്റെകൽ.

(C) തോമസ്മൻ. (D) യുങ്.

8. അസ്ഥിത്വം സത്തയ്ക്കു മുമ്പേ നിലനിൽക്കുന്നു മനുഷ്യാവസ്ഥയുടെ ഉത്തരവാദിത്വം മനുഷ്യന്റേതു തന്നെയാണ് എന്ന് പ്രവചിച്ചതാര് ?

(A) സാർത്ര്. (B) കാമു.

(C) കീർക്കഗാർ. (D) ഫ്രെഡറിക്ക് നീത്ഷേ.

9. സ്വന്തം അസംബന്ധത (absurdity) തിരിച്ചറിയുമ്പോഴാണ് സ്വന്തം മൂല്യം മനുഷ്യൻ തിരിച്ചറിയുന്നതെന്ന് പ്രഖ്യാപിച്ചതാര് ?

(A) കീർക്കഗാർ. (B) കമ്യൂ.

(C) സാർത്ര്. (D) നീത്ഷേ.

10. സാഹിത്യം ഒരു പ്രചരണായുധമാണ് എന്ന ശാസനത്തിന് നിർദ്ദേശം കൊടുത്തത് ആര് ?

(A) മുസ്സോളിനി. (B) സ്റ്റാലിൻ.

(C) ഹിറ്റ്ലർ. (D) അലക്സാണ്ടർ.

11. പ്രകൃതിശാസ്ത്രത്തിന്റെ യാന്ത്രികതയെ ചോദ്യം ചെയ്ത ചിന്തകൻ ആര് ?

(A) വാൾട്ടർ ബെഞ്ചമിൻ. (B) മാർക്സ്.

(C) ഹൊക്കീമർ. (D) ലൂക്കാച്ച്.

12. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടേയും യുക്തി ഒരു പുതിയ അധികാരപ്രസ്ഥാനമായി വികസിച്ചു വരുന്നതിനെതിരെയുള്ള സമരപ്രഖ്യാപനം നടത്തിയത് ആര് ?

(A) യേൽ സർവ്വകലാശാല. (B) ഓക്സ്ഫോർഡ് സർവ്വകലാശാല.

(C) ബിസിനസ്സ് സ്കൂൾ. (D) ഫ്രാങ്ക് ഫർട്ട് സ്കൂൾ.

13. 1959 ൽ നാലാമത് ലോക സാമൂഹികശാസ്ത്ര കോൺഗ്രസിന്റെ സമ്മേളനത്തിൽ അഡോർണോ അവതരിപ്പിച്ച പ്രബന്ധം എന്തിനെതിരെയായിരുന്നു നിശിത വിമർശനമുന്നയിച്ചത് :

(A) കാല്പനിക സ്വഭാവമുള്ള പഠനങ്ങളെ. (B) ദാർശനിക സ്വഭാവമില്ലാത്ത പഠനങ്ങളെ.

(C) ആധുനിക സ്വഭാവമുള്ള പഠനങ്ങളെ. (D) ദാർശനിക സ്വഭാവമുള്ള പഠനങ്ങളെ.

Turn over

CHMK LIBRARY, UNIVERSITY OF CALICUT

14. സ്ത്രീയുടെ അടിമത്തത്തെ ഭൗതികപരമായ കാഴ്ചപ്പാടിൽ വിശകലനം ചെയ്ത ഫ്രെഡറിക് എംഗൽസിന്റെ കൃതിയേത് ?

(A) കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം.

(B) സ്വന്തമായൊരു മുറി.

(C) സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ സ്ത്രീ.

(D) ദി സെക്കന്റ് സെക്സ്.

15. സന്തുഷ്ടയായ കുടുംബിനി എന്നത് സാങ്കൽപ്പികാവസ്ഥ മാത്രമാണെന്ന് വ്യക്തമാക്കിയ ചിന്തകയാര് ?

(A) ബെറ്റി ഫ്രീഡൻ. (B) വെർജീനിയ വൂൾഫ്.

(C) കെയ്റ്റ് മില്ലറ്റ്. (D) ഷൂലാമിത്ത് ഫയൽസ്റ്റോൺ.

16. ഏണസ്റ്റ് ഫിഷറിന്റെ 'കലയുടെ ആവശ്യകത' (Necessity of art) എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ച വർഷം :

(A) 1959. (B) 1969.

(C) 1950. (D) 1947.

17. മനുഷ്യ ചരിത്രത്തിലുണ്ടായതിൽ വച്ചേറ്റവും വിവാദപരമായ സിദ്ധാന്തമെന്നറിയപ്പെടുന്ന അപനിർമ്മാണത്തിന്റെ ഉപജ്ഞാതാവ് എന്നറിയപ്പെടുന്നതാരെ ?

(A) ഴാക്ക് ലക്കാൻ. (B) ഴാക്വസ് ദറീദ.

(C) അൽത്തൂസർ. (D) ഫ്രെഡറിക്ക് ജയിംസൺ.

18. നവമാർക്സിസത്തിന്റെ സമകാല അപ്പോസ്തലൻ എന്നറിയപ്പെടുന്ന ചിന്തകൻ :

(A) ലോത്യാർ. (B) ഹെർബർട്ട്.

(C) ടെറി ഈഗിൾടൺ. (D) അൽത്തൂസർ.

19. കേരളത്തിലെ ആദ്യത്തെ താരതമ്യ വിമർശകൻ.

(A) വടക്കുംകൂർ. (B) കേരളവർമ്മ.

(C) സി.പി. അച്യുത മേനോൻ. (D) മൂർക്കോത്ത് കുമാരൻ.

20. കുമാരനാശാനെ വിപ്ലവത്തിന്റെ ശുക്രനക്ഷത്രം എന്നു വിളിച്ചതാര് ?

(A) കെ. രാമകൃഷ്ണപ്പിള്ള. (B) മുണ്ടശ്ശേരി.

(C) പി.കെ. നാരായണപ്പിള്ള. (D) ആറ്റൂർ കൃഷ്ണപ്പിഷാരടി.

CHMK LIBRARY, UNIVERSITY OF CALICUT

C 24915 (Pages : 2 + 4 = 6) Name.......................................

Reg. No...................................

# FOURTH SEMESTER M.A. DEGREE (CBCSS–SDE/PRIVATE) EXAMINATION, APRIL 2022

Malayalam

## MAL 4E 13—ആധുനിക വിമർശന സിദ്ധാന്തങ്ങൾ

(MODERN CRITICAL THEORIES)

(2019 Admission Onwards)

Time : Three Hours Maximum : 30 Weightage

I. ഏതെങ്കിലും നാല് ചോദ്യത്തിന് ഉത്തരമെഴുതുക. വെയ്റ്റേജ് 2 വീതം :

1 ആദി പ്രരൂപങ്ങളെക്കുറിച്ചുള്ള വിവിധ അഭിപ്രായങ്ങൾ ചർച്ച ചെയ്യുക.

2 പ്രത്യയശാസ്ത്രം എന്ന പരികല്പന വിവരിക്കുക.

3 ഭാഷാശാസ്ത്രവും കാവ്യ ശാസ്ത്രവും തമ്മിലുള്ള ബന്ധം ചർച്ച ചെയ്യുക.

4 ലകാനിയൻ മനഃശാസ്ത്രത്തിന്റെ സ്വാധീനം മലയാളത്തിൽ പ്രകടമാണോ ? അഭിപ്രായം എഴുതുക.

5 അപകോളനീകരണം എന്നാലെന്ത് ? വിവരിക്കുക.

6 ക്ലാസിക്കൽ മാർക്സിസത്തിന്റെ സവിശേഷതകൾ എഴുതുക.

7 അപനിർമ്മാണം എന്നാലെന്ത് ? വിശദീകരിക്കുക.

(4 × 2 = 8 weightage)

II. ഏതെങ്കിലും നാല് ചോദ്യത്തിന് ഉത്തരമെഴുതുക. വെയ്റ്റേജ് 3 വീതം :

8 അധീശത്വം (Hegemony) എന്ന സങ്കല്പത്തിന്റെ അർത്ഥവ്യാപ്തി പരിശോധിക്കുക.

9 ജൂലിയ ക്രിസ്റ്റേവയുടെ സ്ത്രീവാദ ചിന്തകൾ വിശദമാക്കുക.

10 മരണത്തിന്റെ പ്രദേശവും ഭൂതത്തിന്റെ സാന്നിധ്യവും എന്ന ലേഖനം പഠന വിധേയമാക്കുക.

11 സൗന്ദര്യവും അധികാരവും തമ്മിലുള്ള ബന്ധം സച്ചിദാനന്ദന്റെ കാഴ്ചപ്പാടിൽ വിശകലനം ചെയ്യുക.

12 എലൈൻ ഷോ വാൾട്ടറുടെ ചിന്താരീതികൾ സംഗ്രഹിക്കുക.

13 ജോസഫ് മുണ്ടശ്ശേരിയുടെ കാവ്യപീഠിക എന്ന കൃതിയുടെ പ്രത്യേകതകൾ പഠനവിധേയമാക്കുക.

14 ഗൈനോ ക്രിട്ടിസിസത്തിന്റെ സമകാല പ്രസക്തി വിവരിക്കുക.

(4 × 3 = 12 weightage)

Turn over

CHMK LIBRARY, UNIVERSITY OF CALICUT

III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉത്തരമെഴുതുക. വെയ്റ്റേജ് 5 വീതം :

15 സമകാല മലയാള നിരൂപണത്തിന്റെ സവിശേഷതകൾ ഉദാഹരണസഹിതം വ്യക്തമാക്കുക.

16 വീണ്ടും മഞ്ഞ് എന്ന ലേഖനത്തിലൂടെ വി.സി. ശ്രീജൻ അവതരിപ്പിക്കുന്ന കാഴ്ചപ്പാടുകൾ സംഗ്രഹിക്കുക.

17 കോളനിയനന്തര സാഹിത്യത്തിൽ വിവർത്തന കൃതികളുടെ പങ്ക് വിശകലനം ചെയ്യുക.

18 കെ. സരസ്വതി അമ്മയുടെ കൃതികളിലെ ലിംഗഭേദ വിചാരത്തെക്കുറിച്ച് ജെ. ദേവികയുടെ അന്വേഷണത്തിൽ തെളിയുന്ന വസ്തുതകൾ വിവരിക്കുക.

(2 × 5= 10 weightage)

CHMK LIBRARY, UNIVERSITY OF CALICUT

**C 24916** (Pages : 4) Name.......................................

Reg. No...................................

**FOURTH SEMESTER M.A. DEGREE (CBCSS-SDE/PRIVATE) EXAMINATION, APRIL 2022**

Malayalam

MAL 4E 14—കേരളത്തിന്റെ ബൗദ്ധിക ചരിത്രം

(INTELLECTUAL HISTORY OF KERALA)

(2019 Admission Onwards)

(Improvement Candidates need not appear for MCQ Part)

(Multiple Choice Questions for SDE Candidates)

| | | |
|---|---|---|
| **Time : 20 Minutes** | **Total No. of Questions : 20** | **Maximum : 5 weightage** |

# INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY, UNIVERSITY OF CALICUT

# MAL 4E 14—കേരളത്തിന്റെ ബൗദ്ധിക ചരിത്രം

(INTELLECTUAL HISTORY OF KERALA)

(Multiple Choice Questions for SDE Candidates)

1. ചില സവിശേഷ സാഹിത്യ പ്രസ്ഥാനങ്ങൾക്ക് ചുറ്റുമോ ചില പ്രമുഖ ബുദ്ധിജീവികൾക്ക് ചുറ്റുമോ രൂപം കൊണ്ട എഴുത്തുകാരുടെയും വിമർശകരുടെയും വായനക്കാരുടെയും സംഘങ്ങളെ ജെ. ദേവിക അടയാളപ്പെടുത്തുന്നത് :

   (A) സാഹിത്യ സമാജങ്ങൾ.  (B) വിമർശന സംഘങ്ങൾ.

   (C) കവിക്കൂട്ടങ്ങൾ.  (D) സ്വവർഗ സഹൃദയ സംഘങ്ങൾ.

2. 'ഗ്രന്ഥകാരന്റെ മരണം' (Death of an Auther) ആരുടെ കൃതിയാണ് ?

   (A) റൊളാങ് ബാർത്.  (B) ഴാക് ദെറിദ.

   (C) റെയ്മണ്ട് വില്യംസ്.  (D) അരുന്ധതി റോയ്.

3. നമ്പൂതിരി സമുദായ പരിഷ്കരണ ശ്രമത്തിന്റെ സ്ത്രീപക്ഷത്തെ പ്രതിനിധീകരിച്ച എഴുത്തുകാരി :

   (A) ലളിതാംബിക അന്തർജനം.  (B) ഉമാദേവി തമ്പുരാട്ടി.

   (C) ബാലാമണിയമ്മ.  (D) തോട്ടക്കാട്ട് ഇക്കാവമ്മ.

4. സിവിൽ സമൂഹവും ഇടതുപക്ഷവും എന്ന പുസ്തകം രചിച്ചത് :

   (A) കെ.ഇ.എൻ. കുഞ്ഞഹമ്മദ്.  (B) ടി.ടി. ശ്രീകുമാർ.

   (C) ബി. രാജീവൻ.  (D) പി. ഗോവിന്ദ പിള്ള.

5. 'രാവണോത്ഭവം' ആട്ടക്കഥ രചിച്ചത് :

   (A) ഇരയിമ്മൻ തമ്പി.  (B) കിളിമാനൂർ രാജരാജവർമ്മ.

   (C) കല്ലെക്കുളങ്ങര രാഘപ്പിഷാരടി.  (D) ഉണ്ണായി വാര്യർ.

6. രാഷ്ട്രീയ സ്ഥാപനങ്ങളുടെയും പ്രത്യയ ശാസ്ത്ര രൂപങ്ങളുടെയും സവിശേഷതകൾ നിർണ്ണയിക്കുന്ന സാമ്പത്തിക ബന്ധങ്ങളുടെ സമഗ്രമണ്ഡലമാണ് സിവിൽ സമൂഹം എന്ന് നിർവ്വചിച്ചത് :

   (A) കാൾ മാർക്സ്.  (B) ഫൂക്കോ.

   (C) ഹെഗൽ  (D) റയ്മണ്ട് വില്യംസ്.

CHMK LIBRARY, UNIVERSITY OF CALICUT

7. ക്രിസ്ത്യാനികൾക്ക് ജാതീയമായ വിവേചനങ്ങൾ അനുഭവിക്കേണ്ടി വരുന്നുവെന്ന തിരിച്ചറിവിന്റെ വെളിച്ചത്തിൽ പൊയ്കയിൽ യോഹന്നാൻ നേതൃത്വം നൽകിയ സംഘടന :

(A) പ്രത്യക്ഷ രക്ഷാദൈവസഭ. (B) ജാതിനാശിനി സഭ.

(C) ആനന്ദമഹാ സഭ. (D) സമത്വ സമാജം.

8. 'കേരള കവിത' ആരുടെ പത്രാധിപത്യത്തിൽ പുറത്തു വന്ന മാസികയാണ് ?

(A) എൻ.വി. കൃഷ്ണവാര്യർ. (B) കാവാലം നാരായണപ്പണിക്കർ.

(C) അയ്യപ്പപ്പണിക്കർ. (D) എൻ.എൻ. കാക്കാട്.

9. 'കേരളത്തിലെ ആധുനികത-ചില സൈദ്ധാന്തിക പരിഗണനകൾ' എന്ന ലേഖനം ഉൾപ്പെടുന്ന കൃതി :

(A) കേരള നവോത്ഥാനം പുതു വായന.

(B) ഒരു സാമൂഹിക കാഴ്ചപ്പാടിൽ നിന്ന്.

(C) ജൈവരാഷ്ട്രീയവും ജനസഞ്ചയവും.

(D) കാഴ്ചയുടെ കോയ്മ.

10. Meditative Art, Carnival Art എന്നീ ആശയങ്ങൾ അവതരിപ്പിച്ച പാശ്ചാത്യ ചിന്തകൻ :

(A) മിഷേൽ ഫുക്കോ. (B) മിഖായേൽ ബാക്തിൻ.

(C) ആന്ദ്രേ ബ്രട്ടൻ. (D) റോളാങ് ബാർത്ത്.

11. മലയാള പത്രലോകത്തിലെ ആദ്യത്തെ വിദേശ പംക്തിയായ 'ലണ്ടൻ കത്തുകൾ' പ്രസിദ്ധീകരിച്ച പത്രം :

(A) മാതൃഭൂമി. (B) മനോരമ.

(C) ദേശാഭിമാനി. (D) മാധ്യമം.

12. 1847-ൽ തലശ്ശേരിയിലെ ഇല്ലിക്കുന്നിൽ നിന്ന് ഗുണ്ടർട്ട് പ്രസിദ്ധീകരിച്ച പത്രം :

(A) കേരളമിത്രം. (B) സത്യനാദ കാഹളം.

(C) നസ്രാണി ദീപിക. (D) രാജ്യസമാചാരം.

13. 'മലയാള വർത്തമാന പത്രങ്ങളെ സംബന്ധിച്ച ചില സംഗതികൾ' എന്ന പേരിൽ 1893-ൽ മുഖപ്രസംഗമെഴുതിയത് :

(A) കണ്ടത്തിൽ വർഗീസ് മാപ്പിള. (B) കേരളവർമ്മ.

(C) സി.പി. അച്യുത മേനോൻ. (D) എ.ആർ. രാജരാജവർമ്മ.

CHMK LIBRARY, UNIVERSITY OF CALICUT

14. 'കന്യകയുടെ പുല്ലിംഗം' എന്ന കഥ ആരുടേതാണ് ?

(A) സാറാ തോമസ്. (B) സാറാ ജോസഫ്.

(C) മാധവിക്കുട്ടി. (D) സരസ്വതിയമ്മ.

15. ഇന്ത്യയിൽ അച്ചടിച്ച ആദ്യ മലയാള പുസ്തകം :

(A) വേദതർക്കം (B) പുതിയ നിയമം.

(C) വർത്തമാനപുസ്തകം. (D) ഹോർത്തൂസ് മലബാറിക്കസ്.

16. സംസ്കൃത പാരമ്പര്യത്തിൽ പെടാത്ത ദേവീദേവന്മാരുടെ ആരാധനാകേന്ദ്രങ്ങളെ പൊതുവിൽ പറയുന്ന പേരാണ് ?

(A) അമ്പലങ്ങൾ. (B) കാവുകൾ.

(C) ക്ഷേത്രങ്ങൾ. (D) തളികൾ.

17. ഹോർക്ക്ഹൈമർ, അഡോർണോ, ഹെബർമാസ്, ബെൻയാമിൻ, തുടങ്ങിയ ചിന്തകർ ഏത് സ്കൂളിൽ പെടുന്നവരാണ് ?

(A) ഫ്രാങ്ക്ഫർട്ട് സ്കൂൾ. (B) പ്രാഗ് സ്കൂൾ.

(C) ജനീവ സ്കൂൾ. (D) അമേരിക്കൻ സ്കൂൾ.

18. ഹെഗലിന്റെ ചിന്തകളെ അടിസ്ഥാനമാക്കി സിവിൽ സമൂഹത്തെ നിർവ്വചിച്ച മാർക്സിസ്റ്റ് സൈദ്ധാന്തികൻ :

(A) ഫ്രഡറിക് ജയിംസൺ. (B) അന്റോണിയോ ഗ്രാംഷി.

(C) ഫൂക്കോ. (D) അൽത്തൂസർ.

19. ഏത് രാജാവിന്റെ വിളംബരത്തോടെയാണ് 1834-ൽ ആദ്യത്തെ സർക്കാർ ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിക്കപ്പെടുന്നത് ?

(A) ഗൗരീ പാർവ്വതീഭായ്. (B) സ്വാതി തിരുനാൾ.

(C) ഉത്രം തിരുനാൾ. (D) ആയില്യം തിരുനാൾ.

20. 'ഫ്രഞ്ച് ഫെമിനിസം ഇൻ എ ഇന്റർനാഷണൽ ഫ്രെയിം' എഴുതിയത് :

(A) ഗായത്രി സ്പിവാക്. (B) സാറാ ജോസഫ്.

(C) ജൂലിയ ക്രിസ്തേവ. (D) കോഫ്മാൻ സാറ.

CHMK LIBRARY, UNIVERSITY OF CALICUT

C 24916 (Pages : 2 + 4 = 6) Name..........................................

Reg. No..................................

# FOURTH SEMESTER M.A. DEGREE (CBCSS-SDE/PRIVATE) EXAMINATION, APRIL 2022

Malayalam

## MAL 4E 14—കേരളത്തിന്റെ ബൗദ്ധിക ചരിത്രം

(INTELLECTUAL HISTORY OF KERALA)

(2019 Admission Onwards)

Time : Three Hours Maximum : 30 Weightage

I. ഏതെങ്കിലും നാല് എണ്ണത്തിന് ഉത്തരമെഴുതുക. വെയ്റ്റേജ് 2 :

1 മാർക്സിയൻ വിമർശരീതിയെക്കുറിച്ചുള്ള വിവിധ കാഴ്ചപ്പാടുകൾ വിശദീകരിക്കുക.

2 മതേതര കേരളം എന്ന ആശയത്തിന്റെ പ്രാധാന്യവും പ്രസക്തിയും എഴുതുക.

3 സാഹിത്യ ചരിത്രകൃതി എന്ന നിലയിൽ ലീലാതിലകത്തിന്റെ സംഭാവനകൾ വിലയിരുത്തുക.

4 കൊളോണിയലിസം എന്ന പദത്തിന്റെ നിരുക്തിയും ചരിത്രവും വിശദമാക്കുക.

5 കേരളത്തെ നവോത്ഥാന കാഴ്ചപ്പാടിലേക്ക് നയിച്ച സംഭവങ്ങൾ വിശകലനം ചെയ്യുക.

6 ആദ്യകാല അച്ചടിയുടെ സവിശേഷതകൾ പ്രതിപാദിക്കുക.

7 പ്രാചീന കേരളത്തിലെ ജാതി വ്യവസ്ഥയെ വിമർശനാത്മകമായി പരിശോധിക്കുക.

(2 × 4 = 8 weightage)

II. ഏതെങ്കിലും നാല് ചോദ്യത്തിന് നാല് പുറത്തിൽ ഉത്തരമെഴുതുക. വെയ്റ്റേജ് 3 :

8 കേരളത്തിന്റെ ആധുനികതയിലെ ചരിത്രപരമായ പ്രശ്നങ്ങളെ സംബന്ധിച്ച് സനൽ മോഹന്റെ അഭിപ്രായങ്ങൾ സംഗ്രഹിക്കുക.

9 ജാതിപരമായ പ്രശ്നങ്ങളെ ആധുനിക സമൂഹം പരാജയപ്പെടുത്തിയതെങ്ങനെ ? വിശദമാക്കുക.

10 സംസ്കാരം എന്ന പദത്തിന്റെ സവിശേഷ പ്രാധാന്യം എഴുതുക.

11 ലിബറൽ ചിന്തയുടെ കേരളീയ പരിസരം ചർച്ച ചെയ്യുക.

12 അടിത്തറ - മേൽപ്പുര എന്നീ പരികല്പനകളെ വിശദമാക്കുക.

13 കേരളത്തിന്റെ ചരിത്രത്തെ സമഗ്രമായി അടയാളപ്പെടുത്തിയ ആത്മകഥകളെ വിലയിരുത്തുക.

14 സാമൂഹിക നവോത്ഥാനത്തിൽ മതേതര കാഴ്ചപ്പാടിന്റെ പ്രാധാന്യമെന്ത് ? കുറിപ്പ് തയ്യാറാക്കുക.

(4 × 3 = 12 weigtage)

Turn over

CHMK LIBRARY, UNIVERSITY OF CALICUT

III. ഏതെങ്കിലും **രണ്ടെണ്ണത്തിന്** ആറു പുറത്തിൽ ഉത്തരമെഴുതുക. വെയ്റ്റേജ് 5 :

15 മലയാള സാഹിത്യത്തിലെ മലബാർ ദേശീയത എന്ന വിഷയം പാഠഭാഗത്തെ ആസ്പദമാക്കി ചർച്ച ചെയ്യുക.

16 16-ആധുനിക സമൂഹത്തിലെ വിജ്ഞാന വിതരണത്തിൽ അച്ചടി നൽകിയ സംഭാവനകൾ വിവരിക്കുക.

17 ആധുനികതാ വിമർശന പദ്ധതികൾ ഉദാഹരണസഹിതം എഴുതുക.

18 മലയാള സാഹിത്യത്തിലെ തായ് കുലം എന്ന ലേഖനത്തിന്റെ സവിശേഷ പ്രാധാന്യം വിശദീകരിക്കുക.

(2 × 5 = 10 weightage)

CHMK LIBRARY, UNIVERSITY OF CALICUT

**C 24917** (Pages : 4) Name.......................................

Reg. No....................................

**FOURTH SEMESTER M.A. DEGREE (CBCSS-SDE/PRIVATE) EXAMINATION, APRIL 2022**

Malayalam

MAL 4E 15—ലോകസാഹിത്യം

(WORLD LITERATURE)

(2019 Admission onwards)

(Improvement Candidates need not appear for MCQ Part)

(Multiple Choice Questions for SDE Candidates)

| | | |
|---|---|---|
| **Time : 20 Minutes** | **Total No. of Questions : 20** | **Maximum : 5 weightage** |

# INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY, UNIVERSITY OF CALICUT

MAL 4E 15—ലോകസാഹിത്യം

(WORLD LITERATURE)

(Multiple Choice Questions for SDE Candidates)

1. ഗിൽഗമേഷ് എന്ന മെസപ്പൊട്ടേമിയൻ ഇതിഹാസം രചിക്കപ്പെട്ടുവെന്ന് കരുതപ്പെടുന്ന കാലം :

   (A) 2400 – 2100 BC. (B) 2000 – 1200 BC.

   (C) 2000 – 1000 BC. (D) 2100 – 1200 BC.

2. ആയിരത്തൊന്നു രാവുകൾ വിവർത്തനം ആരുടേതാണ് ?

   (A) സി.പി. തോമസ്. (B) എം. അച്യുതൻ.

   (C) എം. ആർ. നായർ. (D) എം.പി. അപ്പൻ.

3. ഒഥല്ലോയുടെ ഒരു അനുകല്പനമായി മലയാളത്തിൽ ഉണ്ടായ സിനിമയാണ് ————.

   (A) ചമയം. (B) ഇരകൾ.

   (C) കളിയാട്ടം. (D) ചാന്താട്ടം.

4. സാക്ഷാത്ക്കരിക്കാത്ത കാമചോദനകളെ സൂചിപ്പിക്കുന്ന തരിശു ഭൂമിയിലെ ഭാഗമാണ് :

   (A) 3. (B) 2.

   (C) 4. (D) 5.

5. ദ ഹോളോ മെൻ ആരുടെ രചനയാണ് ?

   (A) ബോദ്ലയർ. (B) ടി.എസ്. എലിയറ്റ്.

   (C) മാക്സിം ഗോർക്കി. (D) ബോർഹസ്.

6. ദി ബെൽ ജാർ ആരുടെ രചനയാണ് ?

   (A) ബോദ്ലയർ. (B) വോളെ സോയിങ്ക.

   (C) സിൽവിയ പ്ലാത്ത്. (D) ലങ്സ്റ്റൺ.

7. കവിയുടെ ഏകാന്തമായ ജീവിതാനുഭവങ്ങളെക്കുറിച്ച് എഴുതിയ കൃതിയാണ് :

   (A) മെഡുസ.

   (B) റുബായിയാത്ത്.

   (C) നീഗ്രോ നദികളെക്കുറിച്ച് സംസാരിക്കുന്നു.

   (D) ലീ ഷാ.

CHMK LIBRARY, UNIVERSITY OF CALICUT

8. സർറിയലിസ്റ്റ് രീതിയിലുള്ള കാവ്യങ്ങൾ എഴുതിയ കവിയായിരുന്നു ————.

(A) ഫദ്‌വ തൂഖാൻ. (B) സിൽവിയ പ്ലാത്ത്.

(C) പാബ്ലോ നെരൂദ. (D) ഒമർ ഖയ്യാം.

9. ഒരു ആഫ്രോ-അമേരിക്കൻ എഴുത്തുകാരനാണ് :

(A) റ്റൊമാറ്റേ ട്രാസ്ട്രോമർ. (B) ലങ്സ്റ്റൺ ഹ്യൂഗ്സ്.

(C) ഓട്ടോ റെനെ കാസ്റ്റിലോ. (D) പാബ്ലോ നെരൂദ.

10. ബോർഹസ് എഴുതിയ ഒരു ചെറുകഥയാണ് :

(A) ലീഷാ. (B) കൃത്രിമരത്നങ്ങൾ.

(C) എറ്റ്സെറ്ററ. (D) അനിമൽ ഫാം.

11. മാക്സിം ഗോർക്കിയുടെ യഥാർത്ഥനാമം എന്ത് ?

(A) അലക്സേയ്മാക്സിമോവിച്ച് പെഷ്കോവ്.

(B) അലക്സാന്ദ്രിയോവിച്ച് പെഷ്ലോവ്.

C) അലക്സിസ് ഇലിനോവിച്ച് പെഷ്ലോവ്.

(D) അലക്സേയ് വോഡ്സക്കോവിച്ച് പെഷ്ലോവ്.

12. പാവങ്ങൾ ആദ്യമായി മലയാളത്തിലേക്ക് വിവർത്തനം നിർവ്വഹിച്ചത് :

(A) എം.കെ. ദാമോദരൻ. (B) നാലപ്പാട്ട് നാരായണ മേനോൻ.

(C) ആർ നരേന്ദ്ര പ്രസാദ്. (D) ടി.ആർ. രാമൻ നമ്പൂതിരിപ്പാട്.

13. മൈ സ്റ്റോറി ആരുടെ രചനയാണ് ?

(A) വോളെ സോയിങ്ക. (B) ഇസഡോറ ഡങ്കൻ.

(C) സ്റ്റെയിൻബക്ക്. (D) മുരീദ് അൽബർഗൂസി.

14. വിക്ടോറിയൻ മൊറാലിറ്റിയെ വെല്ലുവിളിച്ച ഒരു നർത്തകിയുടെ കഥയാണ് :

(A) കാടുകളുടെ നൃത്തം. (B) എന്റെ കഥ.

(C) എന്റെ ജീവിതം. (D) ഐഡിന്റിറ്റി കാർഡ്.

CHMK LIBRARY, UNIVERSITY OF CALICUT

15. പ്രവാസാനുഭവങ്ങളുടെ മികച്ച ആവിഷ്കരണം നടത്തുന്ന സാഹിത്യകാരൻ എന്ന നിലയിൽ പ്രസിദ്ധനാണ് ————.

(A) ബോർഹസ്. (B) ഗീദ് മോപ്പസാങ്.

(C) ജോൺ സ്റ്റെയിൻബക്ക്. (D) മാക്സിം ഗോർക്കി.

16. അഭയാർത്ഥിത്വത്തിന്റെ അടയാളങ്ങൾ പേറുന്ന ഒരു കൃതിയാണ് :

(A) കാടുകളുടെ നൃത്തം. (B) എന്റെ ജീവിതം.

(C) ലീഷാ. (D) ഐഡന്റിറ്റി കാർഡ്.

17. ഒരു വെളുത്ത കല്ലിനു മുകളിലെ കറുത്ത കല്ല് എന്ന രചനയുടെ ഇംഗ്ലീഷ് പരിഭാഷ നിർവ്വഹിച്ചത് :

(A) ലങ്സ്റ്റൺ ഹ്യൂസ്. (B) ബോർഹസ്.

(C) റബേക്ക സെഫറലി. (D) എഡ്വേർഡ്. ഡബ്ല്യൂ. സെയ്ദ്.

18. റാമല്ല ഞാൻ കണ്ടു എന്ന ആത്മകഥാംശമുള്ള നോവലിന്റെ മൂലകൃതി ഏത് ?

(A) അയ്ത്തു റ റാമല്ല. (B) റാമല്ല റ അയ്ത്തു.

(C) റ അയ്ത്തു റാമല്ല. (D) റ റാമല്ല അയ്ത്തു.

19. റാമല്ല ഞാൻ കണ്ടു എന്നതിന്റെ ഇംഗ്ലീഷ് പരിഭാഷയ്ക്ക് അവതാരിക എഴുതിയത് :

(A) മഹമ്മൂദ് ദർവീഷ്. (B) എഡ്വേർഡ് ഡബ്ല്യൂ സെയ്ദ്.

(C) റബേക്ക സെഫറലി. (D) സർജു.

20. ഫ്രഞ്ച് കാല്പനിക പ്രസ്ഥാനത്തിന്റെ ശില്പിയായിരുന്ന ഒരു എഴുത്തുകാരൻ :

(A) മാക്സിം ഗോർക്കി. (B) വോൾ സോയിങ്ക.

(C) വിക്ടർ ഹ്യൂഗോ. (D) പാബ്ലോ നെരൂദ.

CHMK LIBRARY, UNIVERSITY OF CALICUT

C 24917 (Pages : 2 +4 = 6) Name.....................................

Reg. No..................................

## FOURTH SEMESTER M.A. DEGREE (CBCSS–SDE/PRIVATE) EXAMINATION, APRIL 2022

Malayalam

MAL 4E 15—ലോകസാഹിത്യം

(WORLD LITERATURE)

(2019 Admission onwards)

Time : Three Hours Maximum : 30 Weightage

I. നാലു ചോദ്യത്തിന് ഉത്തരമെഴുതുക.

1 ആനിമൽ ഫാമിൽ വിവരിക്കപ്പെടുന്ന ഏഴു കൽപ്പനകൾ ഏവ ?

2 തരിശുഭൂമിയിൽ ഏപ്രിൽ ഏറ്റവും ക്രൂരമാസമാണെന്ന് പറയുന്നതെന്തു കൊണ്ട് ?

3 ഐഡന്റിറ്റി കാർഡിൽ വ്യക്തമാകുന്ന ജീവിതപ്രശ്നമെന്ത് ?

4 ആനന്ദവാദമാണ് റുബായിയാത്തിലെ ജീവിതദർശനം–ശരിയോ ?

5 കാഫ്കയുടെ കഥയ്ക്ക് പരിണാമം എന്ന പേര് എത്രത്തോളം യോജിക്കുന്നു ?

6 ഡസ്ഡിമോണയുടെ തുവാല നഷ്ടപ്പെടാൻ ഇടയായതെങ്ങനെ ?

7 കാടുകളുടെ നൃത്തം നൽകുന്ന മുന്നറിയിപ്പ് എന്ത് ?

(4 × 2 = 8 weightage)

II. നാലു പുറത്തിൽ കവിയാതെ നാലെണ്ണത്തിന് ഉത്തരമെഴുതുക.

8 ജീവകാരുണ്യത്തിന്റെയും ലാളിത്യത്തിന്റെയും ഉദാത്തമാതൃകയാണ് പാവങ്ങളിലെ മെത്രാൻ–സമർത്ഥിക്കുക.

9 കഥാപാത്ര സൃഷ്ടിയിൽ ഷേക്സ്പിയറുടെ സർഗ്ഗവൈഭവത്തിന്റെ മികച്ച മാതൃകകൾ ഒഥല്ലോയിലുണ്ട് –ചർച്ച ചെയ്യുക.

10 'ഭഗ്നബിംബങ്ങളുടെ കൂമ്പാരം'–ഈ വിശേഷണം തരിശുഭൂമിയ്ക്ക് എത്രത്തോളം ഇണങ്ങുന്നു എന്നു പരിശോധിക്കുക.

11 ആയിരത്തൊന്നു രാത്രികളുടെ ആഖ്യാനസവിശേഷതകൾ വിവരിക്കുക.

12 പ്രകൃതിയോടു ചേർന്നു നില്ക്കുന്ന പ്രണയമാണ് നെരൂദയുടെ കവിതകളെ ഭാവസാന്ദ്രമാക്കുന്നത് –വിശദമാക്കുക.

Turn over

CHMK LIBRARY, UNIVERSITY OF CALICUT

13 ലീഷ എന്ന കഥയ്ക്ക് ഒരു ആസ്വാദനമെഴുതുക.

14 ബഹിഷ്കൃതരുടെ യാതനകൾ ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങളിൽ ആവിഷ്കൃതമാവുന്നതെങ്ങനെ ?

(4 × 3 = 12 weightage)

III. ആറു പുറത്തിൽ കവിയാതെ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.

15 വ്യത്യസ്ത ഭാഷയിലും ശൈലിയിലുമാണ് ആവിഷ്ക്കരിക്കപ്പെടുന്നതെങ്കിലും കവിതകൾ മനുഷ്യ ജീവിത പ്രശ്നങ്ങളെയാണ് സംബോധന ചെയ്യുന്നത്–പാഠ്യപദ്ധതിയിലുള്ള നാലു കവിതകളെ താരതമ്യം ചെയ്ത് സമർത്ഥിക്കുക.

16 തിരിച്ചറിവിന്റെയും ആത്മജ്ഞാനത്തിന്റെയും ആവിഷ്കാരമാണ് ഗിൽഗമേഷിന്റെ ഇതിഹാസം–ചർച്ച ചെയ്യുക.

17 കലയിലുള്ള ആത്മ സമർപ്പണമാണ് ഇസഡോറയുടെ ജീവിതത്തെ വ്യത്യസ്തമാക്കുന്നത്–ചർച്ച ചെയ്യുക.

18 യൂറോപ്യൻ സാമ്രാജ്യത്തിന്റെ സ്വാധീനത്തിൽ നിന്ന് മുക്തമായ ഒരു പുതിയ ഐഡന്റിറ്റി ഉണ്ടാക്കാൻ പ്രാപ്തിയുള്ള ഒരു പുതിയ ആഫ്രിക്കയെ കുറിച്ചുള്ള സവിശേഷമായ കാഴ്ചപ്പാടാണ് സോയിങ്ക അവതരിപ്പിക്കുന്നത്–കാടുകളുടെ നൃത്തം മുൻനിർത്തി ചർച്ച ചെയ്യുക.

(2 × 5 = 10 weightage)

CHMK LIBRARY, UNIVERSITY OF CALICUT

**C 24918** **(Pages : 4)** Name.......................................

Reg. No...................................

**FOURTH SEMESTER M.A. DEGREE (CBCSS–SDE/PRIVATE) EXAMINATION, APRIL 2022**

Malayalam

MAL 4E 16—ഫോക്‌ലോർ

(FOLKLORE)

(2019 Admission onwards)

(Improvement Candidates need not appear for MCQ Part)

(Multiple Choice Questions for SDE Candidates)

| Time : 20 Minutes | Total No. of Questions : 20 | Maximum : 5 weightage |
|---|---|---|

# INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY, UNIVERSITY OF CALICUT

MAL 4E 16—ഫോക്‌ലോർ

(FOLKLORE)

(Multiple Choice Questions for SDE Candidates)

CHMK LIBRARY, UNIVERSITY OF CALICUT

1. ഫോക്‌ലോർ പഠനത്തിൽ പ്രസക്തമായ ആശയമേത് ?

   (A) പഴമാവിശകലനം.

   (B) കാലഹരണപ്പെട്ടവയെ സംരക്ഷിക്കാനുള്ള പരിശ്രമം.

   (C) നമുക്കു ചുറ്റും സജീവമായ ജീവിതാവസ്ഥകളെ കൂടുതൽ ആഴത്തിൽ പരിചയപ്പെടാനുള്ള ഉദ്യമം.

   (D) പുരാവസ്തുപഠനം.

2. ഫോക് എന്ന പദം ഒരു പൊതുഘടകമെങ്കിലും പങ്കിടുന്ന ആളുകളുടെ ഏതു സംഘത്തെയും സൂചിപ്പിക്കാം എന്നു നിരീക്ഷിച്ചതാര് ?

   (A) വില്യം ജെ. തോംസ്.
   (B) വില്യം ആർ. ബാസ്കം.
   (C) അലൻ ഡൻഡിസ്.
   (D) ലോറി ഹോങ്കോ.

3. ചെറിയ ജനസമുഹങ്ങളുടെ കലാപരമായ ആശയവിനിമയമാണ് ഫോക്‌ലോർ. ഈ നിരീക്ഷണം ആരുടേതാണ് ?

   (A) വില്യം ജെ. തോമസ്.
   (B) വില്യം ആർ. ബാസ്കം.
   (C) അലൻ ഡൻഡിസ്.
   (D) ബെൻ ആമോസ്.

4. ഫോക്‌ലോറിന്റെ സവിശേഷതയല്ലാത്തതേത് ?

   (A) വാമൊഴി വഴക്കം.
   (B) പാഠ ബഹുലത.
   (C) പരിണാമ വിധേയത.
   (D) സ്ഥാണുത്വം.

5. പി.കെ. കാളൻ ഏതു രംഗത്താണ് പ്രശസ്തനായത് ?

   (A) മുടിയേറ്റ്.
   (B) പടയണി.
   (C) തെയ്യം.
   (D) ഗദ്ദിക.

6. താരതമ്യ ഭാഷാ ശാസ്ത്രം നാട്ടറിവു പഠനത്തിൽ ഉപയോഗപ്പെടുത്തിയ പണ്ഡിതനാര് ?

   (A) മാക്സ് മുള്ളർ.
   (B) വില്യം ജെ. തോംസ്.
   (C) വില്യം ആർ. ബാസ്കം.
   (D) ആൻഡ്രൂ ലാങ്.

7. കലേവാല എന്ന ദേശീയേതിഹാസകാവ്യം സമാഹരിച്ചതാര് ?

(A) ആക്സൽ ഓൾറിക്. (B) ഏലിയാസ് ലാൻറോട്ട്.

(C) കാർലെ ക്രോൺ. (D) സി. ഡബ്ല്യു. വോൺ സിഡോ.

8. കാട്ടാളത്തം (Savagery), കിരാതത്വം (Babrbarism), സംസ്കാരം (Civilization) എന്നിങ്ങനെയുള്ള പരിണാമ ഘട്ടങ്ങൾ സംസ്കാര ചരിത്രത്തിലുണ്ടെന്നു കരുതുന്ന വിജ്ഞാന മേഖലയേത് ?

(A) ചരിത്രം. (B) ഭാഷാശാസ്ത്രം.

(C) നരവംശ ശാസ്ത്രം. (D) സാമ്പത്തിക ശാസ്ത്രം.

9. നഗരങ്ങളെയും നഗരാനുഭവങ്ങളെയും കുറിച്ചുള്ള ഫോക്‌ലോറുകളാണ് ————————.

(A) ഫോക്‌ലോറിസം. (B) മെറ്റാ ഫോക്‌ലോർ.

(C) ചരിത്ര ഫോക്‌ലോർ. (D) അർബൻ ഫോക്‌ലോർ.

10. പരിഹൃതമാകേണ്ട ഒരു ഗൂഢപ്രശ്നമായി അവതരിപ്പിച്ചിരിക്കുന്ന ആവൃതമായൊരു പ്രസ്താവനയ്ക്കു പറയുന്ന പേര് :

(A) കടങ്കഥ. (B) നാട്ടു ശൈലി.

(C) പഴഞ്ചൊല്ല്. (D) നാടൻപാട്ട്.

11. വ്യവഹാരജ്ഞാനത്തിന്റെ ചൈതന്യവത്തായ ഉപാധിയാണ് ————————.

(A) പഴഞ്ചൊല്ല്. (B) നാടൻപാട്ട്.

(C) കടങ്കഥകൾ. (D) നാടോടിക്കഥ.

12. പുരാവൃത്തത്തിന്റെ സമവാക്യരൂപമേത് ?

(A) പുരാവൃത്തം = കഥ + ഉത്പത്തി + ഭാവന + ചരിത്രം + സന്ദേശം.

(B) പുരാവൃത്തം = കഥ + ഉത്പത്തി + ഭാവന + പാവനത + സന്ദേശം.

(C) പുരാവൃത്തം = കഥ + ഉത്പത്തി + ഭാവന + രസികത്വം+ സന്ദേശം.

(D) ഇവയൊന്നുമല്ല.

13. പൂർവ്വകാലത്തെ സമുദായാചാരങ്ങളുടെ സ്ഫടികദർപ്പണങ്ങളെന്ന നിലയിലും അവയ്ക്കു ബഹുമാന്യമായ ഒരു സ്ഥാനമുണ്ട്. ഉള്ളൂർ ഈ നിരീക്ഷണം നടത്തുന്നത് ഏതു മേഖലയെക്കുറിച്ചാണ് ?

(A) വടക്കൻ പാട്ടുകൾ. (B) തെക്കൻ പാട്ടുകൾ.

(C) ഇടനാടൻ പാട്ട്. (D) രാമകഥപ്പാട്ട്.

CHMK LIBRARY UNIVERSITY OF CALICUT

14. ഐതിഹ്യത്തിന്റെ സമവാക്യരൂപമേത് ?

(A) ഐതിഹ്യം = കഥ + ഉത്പത്തി + ഭാവന + ചരിത്രം + സന്ദേശം.

(B) ഐതിഹ്യം = കഥ + ഉത്പത്തി + ഭാവന + പാവനത + സന്ദേശം.

(C) ഐതിഹ്യം = കഥ + ഉത്പത്തി + ഭാവന + രസികത്വം + സന്ദേശം.

(D) ഇവയൊന്നുമല്ല.

15. നാടോടിക്കഥയുടെ സമവാക്യരൂപമേത് ?

(A) നാടോടിക്കഥ = കഥ + ഉത്പത്തി + ഭാവന + ചരിത്രം + സന്ദേശം.

(B) നാടോടിക്കഥ = കഥ + ഉത്പത്തി + ഭാവന + പാവനത + സന്ദേശം.

(C) നാടോടിക്കഥ = കഥ + ഉത്പത്തി + ഭാവന + രസികത്വം + സന്ദേശം.

(D) ഇവയൊന്നുമല്ല.

16. ഒരു ജനനം നടന്നാൽ ബന്ധുക്കൾക്കുണ്ടാകുന്ന അശുദ്ധിയാണ് ————.

(A) വാലായ്മ. (B) പുല.

(C) ബലി. (D) പുറത്തിരിക്കൽ.

17. മനുഷ്യാലയചന്ദ്രിക ഏതു വിഭാഗത്തിൽ പെടുന്ന പുസ്തകമാണ് ?

(A) മന്ത്രവാദം. (B) ആചാരം.

(C) വാസ്തുവിദ്യ. (D) വിശ്വാസം.

18. നാടോടിനാടകങ്ങളെ അനുഷ്ഠാനനാടകങ്ങൾ, അനുഷ്ഠാനേതരം, അനുഷ്ഠാനാഭാസം, സാങ്കേതികാഭാസം എന്നിങ്ങനെ തരം തിരിച്ചതാര് ?

(A) ഡോ. എസ്. കെ. നായർ. (B) ഡോ. ബി. കെ.നായർ.

(C) ഡോ. കരുണാകരൻ സീതത്തോട്. (D) ഡോ.എം. എസ്. വല്യത്താൻ.

19. കർണ്ണാടകത്തിലെ ഉത്തര കന്നഡ, ഷിമോഗ, ഉഡുപ്പി, ദക്ഷിണ കന്നഡ എന്നീ ജില്ലകളിലും, കേരളത്തിലെ കാസർഗോഡ് ജില്ലയിലും പ്രചാരത്തിലുള്ള കലാരൂപമേത് ?

(A) യക്ഷഗാനം. (B) കാക്കാരിശ്ശി നാടകം.

(C) പൊറാട്ടു നാടകം. (D) പൂരക്കളി.

20. നാട്ടറിവു പഠനത്തിൽ ഗവേഷണത്തിന്റെ അടിത്തറയായി നില കൊള്ളുന്നത് :

(A) ബാഹ്യമണ്ഡലപ്രവർത്തനം. (B) ആന്തരിക മണ്ഡലപ്രവർത്തനം.

(C) നിഷ്ക്രിയത്വം. (D) നിരാമയത്വം.

CHMK LIBRARY, UNIVERSITY OF CALICUT

**C 24918** (Pages : 2 + 4 = 6) Name.....................................

Reg. No.....................................

## FOURTH SEMESTER M.A. DEGREE (CBCSS–SDE/PRIVATE) EXAMINATION, APRIL 2022

Malayalam

MAL 4E 16—ഫോക്‌ലോർ

(FOLKLORE)

(2019 Admission onwards)

Time : Three Hours Maximum : 30 Weightage

I. ഒരു പുറത്തിൽ കവിയാതെ നാലു ചോദ്യത്തിന് ഉത്തരമെഴുതുക.

1 ഫോക്‌ലോർ എന്ന പദത്തിന്റെ ആഗമന ചരിത്രം വിലയിരുത്തുക.

2 'കാക്ക കുളിച്ചാൽ കൊക്കാകുമോ' എന്ന പഴഞ്ചൊല്ലിനെ വിശദീകരിക്കുക.

3 ഫോക്‌ലോറിസം എന്നാലെന്ത് ?

4 കഥാഗാനത്തിന്റെ സവിശേഷതകളെന്ത് ?

5 ഒരു ഫോക്‌ലോർ പഠനഗ്രന്ഥത്തെ പരിചയപ്പെടുത്തുക.

6 കാർഷികോപകരണങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.

7 പൂരക്കളിയുടെ പ്രത്യേകതകളെന്ത് ?

(4 × 2 = 8 eightage)

II. നാലു പുറത്തിൽ കവിയാതെ നാലു ചോദ്യത്തിന് ഉത്തരമെഴുതുക.

8 ഗോത്രരംഗകല എന്ന നിലയിൽ ഗർദ്ദികയുടെ പ്രത്യേകതകളെന്ത് ?

9 സമൂഹത്തിൽ നിലവിലുള്ള വിലക്കുകളുടെ സാമാന്യസ്വഭാവം വിശദമാക്കുക.

10 കേരളീയർക്ക് തനിമയാർന്ന ഒരു വാസ്തുവിദ്യാ പാരമ്പര്യമുണ്ടോ ? ചർച്ച ചെയ്യുക.

11 തോറ്റങ്ങളുടെ പ്രത്യേകതകളെന്ത് ?

12 വടക്കൻ പാട്ട്, തെക്കൻ പാട്ട് ഇവ വ്യത്യസ്തമാകുന്നത് എങ്ങനെ ?

13 ഫോക്‌ലോർ ഗവേഷണത്തിൽ വിവരശേഖരണത്തിന്റെ സാധ്യതകൾ പരിശോധിക്കുക.

14 നാടോടി നാടകമെന്ന വിഭാഗത്തിൽപ്പെടുന്ന ഒരു കലാരൂപത്തെ പരിചയപ്പെടുത്തുക.

(4 × 3 = 12 weightage)

Turn over

CHMK LIBRARY, UNIVERSITY OF CALICUT

III. ആറു പുറത്തിൽ കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

15 നമ്മുടെ സാംസ്കാരികത്തനിമ കണ്ടെത്താനുള്ള പഠന മേഖലയാണ് ഫോക്ലോർ–വിശദമാക്കുക.

16 മലയാളത്തിലെ നാടൻപാട്ടുകളെ ഉചിതമായ രീതിയിൽ ഉദാഹരണസഹിതം വർഗ്ഗീകരിക്കുക.

17 നാടോടി സാഹിത്യത്തിന്റെ ധർമ്മവും സവിശേഷതകളും വിവരിക്കുക.

18 അനുഷ്ഠാനകലയെന്ന നിലയിൽ തെയ്യത്തിന്റെ സവിശേഷതകളും വൈവിധ്യവും വിശദമാക്കുക.

(2 × 5 = 10 weightage)

CHMK LIBRARY, UNIVERSITY OF CALICUT

C24919 (Pages : 2 + 6 = 8) Name.....................................

Reg. No..................................

# FOURTH SEMESTER M.A. DEGREE (CBCSS–SDE/PRIVATE) EXAMINATION, APRIL 2022

Malayalam

MAL 4C 16—പ്രബന്ധരചനയും ഗവേഷണരീതിശാസ്ത്രവും

(2019 Admission onwards)

Time : Three Hours Maximum : 30 Weightage

I. ഏതെങ്കിലും നാലു ചോദ്യത്തിന് ഷോർട്ട് ആൻസർ തയ്യാറാക്കുക.

1 ഗവേഷണം എന്താണ് എന്നതിനെക്കുറിച്ചുള്ള എച്ച്.വി. ദേശ്പാണ്ഡെയുടെ നിലപാട് വ്യക്തമാക്കുക.

2 പ്രഥമാകരം (Primary source), ദ്വിതീയാകരം (Secondary source) ഇവ തമ്മിലുള്ള വ്യത്യാസമെന്ത് ?

3 നല്ല പരികല്പന(Hypothesis)യുടെ പ്രത്യേകതകൾ എന്തെല്ലാമാണ് ?

4 ഗവേഷണ പ്രക്രിയയുടെ നാലു പടവുകൾ ഏവ ?

5 പാരായണ ക്ഷമതയ്ക്കായി പ്രബന്ധത്തിൽ സ്വീകരിക്കേണ്ട നിഷ്ക്കർഷകൾ എന്തെല്ലാമാണ് ?

6 ഗവേഷണ പ്രബന്ധത്തിൽ അനുബന്ധമായി നൽകാവുന്നത് എന്തെല്ലാം കാര്യങ്ങളാണ് ?

7 ഗ്രന്ഥസൂചി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ ?

(4 × 2 = 8 weightage)

II. ഓരോന്നിനും നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും നാലു ചോദ്യത്തിന് ഉത്തരമെഴുതുക.

8 ആസ്വാദനം, ഉപപാദനം, നിരൂപണം, വിമർശനം എന്നിവയിൽ നിന്ന് ഗവേഷണത്തിനുള്ള വ്യത്യാസമെന്ത് ?

9 ഭാഷാസാഹിത്യ മേഖലകളിൽ പാരിമാണാത്മക ഗവേഷണ(Quantitative Research)ത്തിന് എത്രത്തോളം സാധ്യതകളുണ്ടെന്ന് പരിശോധിക്കുക.

10 പ്രബന്ധസംശോധനം ഏതെല്ലാം തലങ്ങളിലാണ് നടത്തേണ്ടതെന്ന് വിശദമാക്കുക.

11 വിഷയത്തിന്റെയും രീതിശാസ്ത്രത്തിന്റെയും തലത്തിൽ സാംസ്കാരികപഠനം പുലർത്തേണ്ട നിഷ്ക്കർഷകൾ എന്തൊക്കെയാണ് ?

12 അന്തർവൈജ്ഞാനിക ഗവേഷണത്തിന്റെ സാധ്യതകൾ വിലയിരുത്തുക.

13 ആശയചോരണം (plagiarism) എന്നാൽ എന്ത് ? അതെങ്ങനെ ഒഴിവാക്കാമെന്ന് വിശദമാക്കുക.

14 പ്രബന്ധത്തിന്റെ പ്രൂഫ് റീഡിംഗിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ് ?

(4 × 3 = 12 weightage)

Turn over

CHMK LIBRARY, UNIVERSITY OF CALICUT

III. ഓരോന്നിനും ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

15 ദത്തത്തിന്റെ ഏകോപനവും തരംതിരിവും എങ്ങനെ നിർവഹിക്കാമെന്ന് വിശദമാക്കുക.

16 വിഷയാധിഷ്ഠിതമായും വീക്ഷണാധിഷ്ഠിതമായും അഞ്ചുവിധം സമീപനരീതികൾ ഗവേഷണത്തിലുണ്ട് –അവ ഏതെല്ലാമെന്ന് വ്യക്തമാക്കുക.

17 പ്രബന്ധത്തിന്റെ രൂപഘടനയെ സംബന്ധിച്ച സാമാന്യതത്ത്വങ്ങൾ അവലോകനം ചെയ്യുക.

18 സാമൂഹിക ഭാഷാ ശാസ്ത്രത്തിന്റെ ഗവേഷണരീതിശാസ്ത്രം പരിചയപ്പെടുത്തുക.

(2 × 5 = 10 weightage)

CHMK LIBRARY, UNIVERSITY OF CALICUT

**C 24919** **(Pages : 6)** **Name..................................**

**Reg. No..................................**

**FOURTH SEMESTER M.A. DEGREE (CBCSS-SDE/PRIVATE) EXAMINATION, APRIL 2022**

Malayalam

MAL 4C 16—പ്രബന്ധരചനയും ഗവേഷണരീതിശാസ്ത്രവും

(2019 Admission onwards)

(Improvement Candidates need not appear for MCQ Part)

(Multiple Choice Questions for SDE Candidates)

| Time : 20 Minutes | Total No. of Questions : 20 | Maximum : 5 weightage |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY, UNIVERSITY OF CALICUT

MAL 4C 16—പ്രബന്ധരചനയും ഗവേഷണരീതിശാസ്ത്രവും

(Multiple Choice Questions for SDE Candidates)

1. താഴെ കൊടുത്തിട്ടുള്ളവയിൽ ഗവേഷണത്തിനു കൂടുതൽ യോജിച്ച നിർവചനമേത് ?

   (A) ഒരു ചോദ്യത്തിനുള്ള ഉത്തരം കണ്ടെത്താനുള്ള അന്വേഷണമാണ് വിശാലാർത്ഥത്തിൽ ഗവേഷണം.

   (B) ആഴത്തിലുള്ള ചരിത്രാന്വേഷണമാണ്.

   (C) ഗഹനമായ വിശകലനമാണ്.

   (D) താരതമ്യപഠനമാണ്.

2. ഗവേഷണത്തിന്റെ മൗലികതത്ത്വം വിശദീകരിക്കുന്ന വാക്യമേത് ?

   (A) ഗവേഷണം യുക്തിബദ്ധവും വസ്തുനിഷ്ഠവുമാണ്.

   (B) സ്വന്തം സിദ്ധാന്തങ്ങളെ പിന്തുണയ്ക്കുന്ന അറിവുകൾ തേടാനും സ്വീകരിക്കാനുള്ള രീതി.

   (C) ഗവേഷകരുടെ വ്യക്തിപരമായ വികാരങ്ങളും മുൻഗണനകളും പഠനപ്രക്രിയയിൽ നിർണായകമാണ്.

   (D) ജനപ്രിയമല്ലാത്തതും സാമൂഹിക വിസമ്മതം കൊണ്ടു വരുന്നതുമായ കണ്ടെത്തലുകളെ പിന്തുടരാൻ ഗവേഷകർ തയ്യാറല്ല.

3. ഒരു പരികല്പന(hypothesis)യെ സാധുകരിക്കുവാനോ തിരസ്ക്കരിക്കുവാനോ ദത്തങ്ങളുടെ പ്രയോജനക്ഷമതയും ഉറപ്പുവരുത്തുവാനോ വേണ്ടിയുള്ള സമീപനം ഏത് ?

   (A) നിരീക്ഷണങ്ങൾ.　(B) നിരാകരണങ്ങൾ.

   (C) പരീക്ഷണങ്ങൾ.　(D) സ്വീകരണങ്ങൾ.

4. യുക്തി കാണിച്ച് ഒരു അഭിപ്രായം സ്ഥാപിക്കുന്ന പ്രക്രിയയുടെ പേരെന്ത് ?

   (A) വിവരണം.　(B) ഉപപാദനം.

   (C) വ്യാഖ്യാനം.　(D) വിമർശനം.

CHMK LIBRARY, UNIVERSITY OF CALICUT

5. സാഹിത്യരചനകളും അവയുടെ രചനാപദ്ധതികളുമായി ബന്ധപ്പെട്ട സുഗ്രാഹ്യവും പ്രധാനപ്പെട്ടതുമായ ചരിത്ര ബന്ധങ്ങളുടെ ആഖ്യാനത്തിനുള്ള പേരെന്ത് ?

   (A) ലോകചരിത്രം.
   (B) സാമൂഹ്യശാസ്ത്രം.
   (C) സാഹിത്യരചനാ രീതിശാസ്ത്രം.
   (D) സാഹിത്യചരിത്രം.

6. ശരിയോ തെറ്റോ എന്നെഴുതുക. ഭാഷാ സാഹിത്യ പഠനത്തിലെ സൈദ്ധാന്തിക ഗവേഷണം സാഹിത്യ തത്ത്വ ശാസ്ത്രത്തിന്റെയും സാഹിത്യ നിരൂപണത്തിന്റെയും സിദ്ധാന്തങ്ങളുമായി ബന്ധപ്പെട്ടതാണ് :

   (A) ശരി.
   (B) തെറ്റ്.
   (C) ആപേക്ഷികം.
   (D) ഇവ രണ്ടുമല്ല.

7. മറ്റനേകം പഠനശാഖകളുടെ സഹകരണത്തോടെ ഒരു പൊതുലക്ഷ്യം നേടാൻ ലക്ഷ്യമിട്ടുള്ള സത്യാന്വേഷണമാണ രീതിയേത് ?

   (A) അന്തർവൈജ്ഞാനികം.
   (B) വിമർശനാത്മകം.
   (C) വിവരണാത്മകം.
   (D) ബഹുവൈജ്ഞാനിക ഗവേഷണം.

8. വിഷയത്തെ ഒതുക്കിയെടുക്കാനുള്ള മാർഗമല്ലാത്തതേത് ?

   (A) വിഷയത്തെ ഒരു സവിശേഷസൈദ്ധാന്തിക സമീപന(Theoretical Approach)ത്തിലേക്ക് പരിമിതപ്പെടുത്തുക.
   (B) വിശാലവിഷയമേഖലയുടെ ഒരു ഭാഗംമാത്രം (Aspect or sub-area) പരിഗണിക്കുക.
   (C) പരിശോധിക്കുന്ന കാലപരിധി (Time Span) വിശാലമാക്കുക.
   (D) പ്രസ്ഥാനം, പ്രവണത, പ്രായം, ലിംഗഭേദം, വംശീയത, തൊഴിൽ, ചരിത്രപരത, പ്രാദേശികത തുടങ്ങിയവയാൽ പരിമിതപ്പെടുത്തുക.

9. ഇതുവരെ പരീക്ഷിച്ചിട്ടില്ലാത്ത ഗവേഷണ ചോദ്യങ്ങൾക്കുള്ള താത്കാലിക ഉത്തരമാണത്. ഏത് ?

   (A) രീതിശാസ്ത്രം.
   (B) ആകരങ്ങൾ.
   (C) പൂർവ പഠനങ്ങൾ.
   (D) പരികല്പന.

CHMK LIBRARY, UNIVERSITY OF CALICUT

10. പരികല്പനാവിധങ്ങളിൽ ഉൾപ്പെടാത്തതേത് ?

(A) അങ്ങനെങ്കിൽ... ഇങ്ങനെ എന്ന രീതി.

(B) ചരങ്ങൾ തമ്മിലുള്ള ബന്ധം നേരിട്ടു പ്രസ്താവിക്കുന്നു.

(C) ഗവേഷണത്തിനുള്ള ഉത്തരം.

(D) രണ്ടു വർഗങ്ങളെയോ വിഭാഗങ്ങളെയോ താരതമ്യം ചെയ്യുമ്പോൾ, അവയ്ക്കിടയിൽ നിന്ന് എന്തു വ്യത്യാസമാണ് ദർശിക്കുന്നതെന്ന് പറയുന്ന രീതി.

11. യഥാർത്ഥ ചിന്തയെ പ്രതിനിധീകരിക്കുന്ന, അറിവുകളുടെ യഥാർത്ഥ ഉറവിടങ്ങളിൽ നിന്നു ലഭിക്കുന്ന മറ്റുള്ളവയെക്കാൾ കൂടുതൽ വിശ്വസനീയങ്ങളും ഔദ്യോഗികവുമായ ആകരങ്ങളേത് ?

(A) തൃതീയം. (B) ദ്വിതീയം.

(C) പ്രഥമം. (D) ഇവ മൂന്നും.

12. തൃതീയാകരങ്ങൾ(Secondary sources)ക്കിണങ്ങാത്ത പ്രസ്താവനയേത് ?

(A) ദ്വിതീയാകരങ്ങളിൽ നിന്ന് വികസിച്ചു വരുന്ന ഭാഷ്യങ്ങളോ പരാമർശങ്ങളോ വിവരണങ്ങളോ ആണ് തൃതീയാകരങ്ങൾ.

(B) ഇവ പ്രഥമാകരങ്ങളെക്കാൾ വിശ്വസനീയങ്ങളാണ്.

(C) സൂചികകൾ, അമൂർത്താഖ്യാനങ്ങൾ, ക്രമീകൃത വ്യവസ്ഥകൾ, സമാഹൃത പാഠങ്ങൾ തുടങ്ങിയവ തൃതീയാകരങ്ങളാണ്.

(D) ഇവയുടെ പ്രധാന ഉദ്ദേശ്യം ആശയങ്ങളോ മറ്റു വിവരങ്ങളോ പട്ടികപ്പെടുത്തുക, സംഗ്രഹിക്കുക അല്ലെങ്കിൽ വീണ്ടും സംവിധാനം ചെയ്യുക എന്നിവയൊക്കെയാണ് :

13. പ്രബന്ധത്തിന്റെ സാരാംശമെന്ത് ?

(A) താരതമ്യ ചിന്ത. (B) ഗുണാത്മക ചിന്ത.

(C) ദോഷ ചിന്ത. (D) വിമർശനാത്മക ചിന്ത.

14. രചനാവേളയിൽ കേന്ദ്ര പ്രമേയത്തിന്റെ പരിചരണരീതി മാറ്റുകയോ സംശോധന വേളയിൽ അങ്ങനെ ചെയ്യാൻ ആഗ്രഹിക്കുകയോ ചെയ്താൽ പ്രബന്ധത്തിന്റെ സംവിധാനം പുനഃക്രമീകരിക്കാമോ ?

(A) പുനഃക്രമീകരിക്കാം. (B) പുനഃക്രമീകരിക്കാനാവില്ല.

(C) അപ്രസക്തമാണ്. (D) പറയാനാവില്ല.

CHMK LIBRARY UNIVERSITY OF CALICUT

15. ആദ്യത്തെ സ്ഥൂലരചന വീണ്ടും വീണ്ടും വായിക്കേണ്ട ആവശ്യമെന്ത് ?

(A) തെളിവുകൾ വാദത്തെ ശരിയായി പിന്തുണയ്ക്കുന്നുണ്ടോ എന്നു നിശ്ചയിക്കാൻ.

(B) ശീർഷകം പുതുക്കിയെഴുതാൻ.

(C) സിനോപ്സിസ് എഴുതാൻ.

(D) ഉപസംഹാരം എഴുതാൻ.

16. ചേരുംപടി ചേരാത്തത് കണ്ടെത്തുക.

(A) പ്രബന്ധ സംഗ്രഹം – ഭൂതകാലം.

(B) ഉപോദ്ഘാതം–ആമുഖം–വർത്തമാനകാലം.

(C) പൂർവപഠനഭാഗങ്ങൾ–ഭൂതകാലം.

(D) രീതിശാസ്ത്ര സൂചനകൾ-ഭാവികാലം.

17. ഉപപാദനത്തിൽ വരാത്തതേത് ?

(A) വസ്തുവിവരണം. (B) സ്ഥാപനം.

(C) തർക്കം. (D) വ്യവഹാര ചർച്ച.

18. പ്രബന്ധ രചനയിൽ വന്നു ചേരുന്ന ലയാനുഭാവനം കൊണ്ടു സിദ്ധിക്കുന്ന ഗുണ നിലവാരമാണ് :

(A) പാരായണ ക്ഷമത. (B) സത്യസന്ധത.

(C) ഉദാരത. (D) വിശാലത.

19. പ്രമാണ പരിശോധനയിൽ പ്രസക്തമായതേത് ?

(A) ചഞ്ചലമായ പരിശോധനാശൈലി നില നിർത്തുക.

(B) രചനാമനോഭാവത്തോടെ കൃതിയിലേക്കു കടക്കുക.

(C) ഒരു സമയം ഒരു പ്രതീകം മാത്രം വായിക്കുക, പരിശോധിക്കുക.

(D) കൃതിയോട് നിർമാണാത്മകമായ അടുപ്പം പാലിക്കുക.

CHMK LIBRARY, UNIVERSITY OF CALICUT

20. ചിഹ്നനം ആവശ്യമാകുന്നതെപ്പോൾ ?

(A) ഉപവാക്യങ്ങളുടേയും വാചകങ്ങളുടേയും അംഗാംഗിഭാവത്തെ വിശദമാക്കാൻ.

(B) അച്ചടിയിൽ ഇടം ലാഭിക്കാൻ.

(C) സാമ്പദികലാഭത്തിന്.

(D) പദങ്ങൾ സന്ദിഗ്ധാർഥമാകാൻ.

CHMK LIBRARY , UNIVERSITY OF CALICUT